ആക്കുളം ടൂറിസ്റ്റ് മേഖലയുടെ വികസനം

76 [6042] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് മേഖലയിലെ നിർദ്ദിഷ്ട കൃത്രിമ വെള്ളച്ചാട്ട നിർമ്മാണത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ സംവിധാനം എന്ന് പ്രവർത്തനക്ഷമമാകും;

(സി) ആക്കുളത്ത് ജില്ലാ പഞ്ചായത്തുവക അക്വേറിയം പ്രവർത്തനക്ഷമമാക്കാൻ സഹകരിക്കാമെന്ന് കേരള സർവ്വകലാശാല അക്വാട്ടിക് ബയോളജി വിഭാഗം അറിയച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജില്ലാ പഞ്ചായത്ത്, സർവ്വകലാശാല, കോർപ്പറേഷൻ തുടങ്ങി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും ഒരു സമ്മേളനം ഈ ആവശ്യത്തിലേക്ക് വിളിച്ച് ചേർക്കുമോ;

(ഇ) ടൂറിസ്റ്റ് വില്ലേജിലേക്കുള്ള ശ്രീകാര്യം-ആക്കുളം, ആക്കുളം-അലത്തറ-ചാവടിമുക്ക് എന്നീ റോഡുകൾ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കണമെന്ന നിവേദനം അനുഭാവപൂർവ്വം പരിഗണിക്കുമോ;

(എഫ്) ആക്കുളം പരിസരത്തെ ഹൗസിംഗ് ബോർഡ് വക ഭൂമി ടൂറിസം വികസനവുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി ആവശ്യപ്പെടുമോ;

(ജി) നിർദ്ദിഷ്ട ആക്കുളം-വേളി നടപ്പാത ബോട്ടുക്ലബ്ബുവഴി സെന്റ് ജംഗ്ഷൻ വരെ ദീർഘിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 20 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2003 ഡിസംബറിനുള്ളിൽ പ്രവർത്തനക്ഷമമാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടില്ല.

(ഡി) പരിഗണിക്കാവുന്നതാണ്.

(ഇ) പരിശോധിക്കാവുന്നതാണ്.

(എഫ്) 4 ഏക്കർ ഭൂമി ആവശ്യപ്പെട്ടിട്ടുണ്ട്.

(ജി) പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly